

# പിഎംഎവൈ (അർബൻ) ലൈഫിലെ ആദ്യ ഭവനസമുച്ചയങ്ങൾ പെരിന്തൽമണ്ണയിൽ

കുടുംബശ്രീ നോഡൽ ഏജൻസിയായി നഗരസഭകൾ വഴി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ നഗരം)- ലൈഫിനെക്കുറിച്ച് മുൻ ലേഖനങ്ങളിൽ വിവരിച്ചിരുന്നുവല്ലോ. ഈ പദ്ധതിയിൽ നാല് ഘടകങ്ങളാണുള്ളത്. ഭൂമിയുള്ള ഭവനരഹിതർക്ക് വീടുകൾ വയ്ക്കാൻ 4 ലക്ഷം രൂപ നൽകുക, ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുക, വീട് നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും പലിശ സബ്സിഡിയോടെ വായ്പ ലഭ്യമാക്കുക, ചേരിപ്രദേശങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി തയാറാക്കുക എന്നിവയാണ് ഈ നാലു ഘടകങ്ങൾ. കേരളത്തിൽ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് പിഎംഎവൈ (നഗരം) ലൈഫ് എന്ന പേരിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

പിഎംഎവൈ (നഗരം) ലൈഫ് പദ്ധതിയിലെ രണ്ടാമത്തെ ഘടകമായ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന്റെ (അഫോർബഡബിൾ ഹൗസിങ് ഇൻ പാർട്ണർഷിപ്പ്) ഭാഗമായി ഇതുവരെ കേരളത്തിൽ 6 പ്രോജക്ടുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ ആദ്യ രണ്ട് പ്രോജക്ടുകൾക്ക് അനുമതി ലഭിച്ചത് 2019ലായിരുന്നു. പെരിന്തൽമണ്ണ നഗരസഭയിൽ 400 പേർക്കുള്ള 34 ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ 44 കോടി രൂപയുടെയും കൊച്ചി കോർപ്പറേഷനിൽ 88 പേർക്കുള്ള ഭവനസമുച്ചയം നിർമ്മിക്കാൻ 11.4 കോടി രൂപയുടെയും പദ്ധതിക്കാണ് അംഗീകാരം ലഭിച്ചത്. 2019ൽ ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ച ഉടൻ തന്നെ പെരിന്തൽമണ്ണ നഗരസഭയിൽ ഈ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച നടപടികൾ ത്വരിതഗതിയിൽ നടത്തുകയും ഫ്ളാറ്റ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഇവിടെ അംഗീകാരം ലഭിച്ച 34 ഭവനസമുച്ചയങ്ങളിൽ നിർമ്മാണം ആരംഭിച്ച 30 അപ്പാർട്ട്മെന്റുകളിൽ 20 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ഇന്നലെ (നവംബർ 4) 200 കുടുംബങ്ങൾക്ക് താക്കോൽ കൈമാറുകയും ചെയ്തു.

പെരിന്തൽമണ്ണ നഗരസഭയിലെ എരവിമംഗലത്ത് നടക്കുന്ന ഈ ഭവനസമുച്ചയ പദ്ധതിക്കായി 44 കോടി രൂപയാണ് വകയിരുത്തിയത്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള 6.87 ഏക്കർ സ്ഥലത്താണ് 34 അപ്പാർട്ട്മെന്റുകളുള്ള ഈ ഭവനസമുച്ചയ പദ്ധതി നടപ്പിലാക്കുന്നത്. ഒരു അപ്പാർട്ട്മെന്റിൽ 12 കുടുംബങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമാണുള്ളത്. 2 കിടപ്പുമുറിയും അടുക്കളയും ഹാളും ബാത്ത്റൂമും ടോയ്‌ലറ്റും ഉൾപ്പെടുന്ന 599 ചതുരശ്രയടിയുള്ള താമസ ഇടമാണ് ഒരു

കുടുംബത്തിന് അപ്പാർട്ട്മെന്റിൽ ലഭിക്കുക. കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടുന്ന നിർമ്മാണ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 10 അപ്പാർട്ട്മെന്റുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. 2 അംഗന്വാടികളും റിക്രിയേഷൻ സെന്ററും മീറ്റിങ് ഹാളും ഈ ഭവനസമുച്ചയ പദ്ധതിയിലുണ്ട്.

പിഎംഎവൈ (നഗരം)- ലൈഫ് പദ്ധതി പ്രകാരം കേരളത്തിൽ ആദ്യമായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കാൻ അംഗീകാരം ലഭിച്ച ഉടൻ തന്നെ നടപടികൾ ത്വരിതഗതിയിൽ നടത്തിയ നഗരസഭാ ഉദ്യോഗസ്ഥർക്കും കുടുംബശ്രീ ഉദ്യോഗസ്ഥർക്കും അഭിനന്ദനങ്ങൾ. മറ്റ് 5 നഗരസഭകളിലും അംഗീകാര ലഭിച്ച ഭവനസമുച്ചയങ്ങളുടെ നിർമ്മാണം മികച്ച രീതിയിൽ പുരോഗമിക്കട്ടെയെന്ന് ആശംസിക്കുന്നു.